**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1937**　　　　**10.03.2020 – ൽ മറുപടിക്ക്.**

**റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എൻ.എ.നെല്ലിക്കുന്ന് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻകടകൾ വഴി വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യം കെട്ടിക്കിടന്ന് നശിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ക്വിൻറൽ ഭക്ഷ്യധാന്യമാണ് നശിച്ചതെന്നും ഇതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; | **(എ)** കാലാവസ്ഥാവ്യതിയാനം, FIFO പാലിക്കാൻ കഴിയാത്ത സാഹചര്യം, അശാസ്ത്രീയമായ ഗോഡൗണുകളിൽ റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്നത്, എല്ലാ റേഷൻ കാർഡുടമകളും ഭക്ഷ്യ ധാന്യങ്ങൾ വാങ്ങിക്കാത്തത് എന്നീ കാരണങ്ങളാൽ 1546.384 MT അരി, 555.638 MT ഗോതമ്പ് എന്നിവ ഗോഡൗണുകളിൽ കെട്ടിക്കിടന്ന് ഗുണമേൻമ കുറഞ്ഞതിനാൽ വിതരണയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്. |
| **(ബി)** ദുർഗന്ധമുള്ള പുഴുവരിച്ച അരിയും ഗോതമ്പുമാണ് രണ്ടു മാസം മുമ്പ് റേഷൻകടകളിലെത്തിച്ചതെന്ന ആക്ഷേപം ശരിയാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | **(ബി) യും (സി) യും** പരിശോധിച്ചിട്ടുണ്ട്.<br>നെടുമങ്ങാട് താലൂക്കിലും കോട്ടയം ജില്ലയിലെ ഏതാനും ചില റേഷൻ കടകളിലും ലഭിച്ച ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരമില്ലാത്തതാണെന്ന് പരാതി ലഭിച്ചിട്ടുണ്ട്.<br>പരാതി ലഭിച്ച സ്ഥലങ്ങളിൽ കേടായ റേഷൻ ഭക്ഷ്യ ധാന്യങ്ങൾ റേഷൻ കടകളിൽ നിന്നും തിരികെയെടുത്ത് ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ പകരം നൽകിയിട്ടുണ്ട്. |
| **(സി)** എങ്കിൽ അപ്രകാരം വിതരണത്തിനെത്തിച്ച അരി പിന്നീട് എന്ത് ചെയ്തു എന്ന് വ്യക്തമാക്കാമോ; | |

| | | | |
|---|---|---|---|
| (ഡി) | കേടായ ഭക്ഷ്യധാന്യങ്ങൾ ശുചീകരിച്ച് പുനരുപയോഗിക്കാനും അതിന് കഴിയാത്തവ കാലിത്തീറ്റയ്ക്ക് നൽകാനും തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത തീരുമാനം അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | സപ്ലൈകോയുടെ ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ പരിശോധന പ്രകാരം NFSA ഗോഡൗണുകളിലെ ഗുണമേൻമ കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ ശുചീകരിച്ച് ഉപയോഗയോഗ്യമാക്കാൻ കഴിയുന്നവ ശുചീകരിക്കുന്നതിനും അതിന് കഴിയാത്തവ കാലിത്തീറ്റയ്ക്ക് നൽകുന്നതിനും ഉള്ള ശുപാർശ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**